## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 189** **18.03.2013 ൽ മറുപടിക്ക്**

## തടി വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ.ലതിക | ശ്രീ.കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ചെറുകിട തടി വ്യവസായ യൂണിറ്റുകളും തടിമില്ലുകളും സ്ഥാപിക്കുന്നതിന് സംരംഭകർ വനം വകുപ്പിൽ നിന്നും ലൈസൻസ് നേടുന്നതിന് എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടതെന്നും, എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്നും വ്യക്തമാക്കുമോ ; | (എ) ചെറുകിട തടിവ്യവസായ യൂണിറ്റുകളും തടിമില്ലുകളും സ്ഥാപിക്കുന്നതിന് സംരംഭകർ വനം വകുപ്പിൽ നിന്നും ലൈസൻസ് നേടുന്നതിന് വിശദമായ ചട്ടങ്ങൾ ( Kerala Forest (Regulation of Sawmills and Other Wood-based Industrial Units) Rules,2012) SRO No.269/2012 എന്ന നമ്പരിൽ 19.04.2012 ൽ അസാധാരണ ഗസറ്റായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ലൈസൻസ് നേടുന്നതിനായി സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ചും പാലിക്കേണ്ട നടപടി ക്രമങ്ങളെ സംബന്ധിച്ചും ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച വ്യവസ്ഥകളുടെയും സർക്കാർ ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ; | (ബി) ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ചെറുകിട സംരംഭകർക്ക് തടി വ്യവസായത്തിനും തടിമില്ലുകൾ തുടങ്ങുന്നതിനും ലൈസൻസ് നൽകി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലൈസൻസികളുടെ പേരും മേൽവിലാസവും സഹിതം ലഭ്യമാക്കുമോ ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ മേൽ പറഞ്ഞ ചട്ടങ്ങൾ നിലവിൽ വന്നതു വരെ മരാധിഷ്ഠിത വ്യവസായങ്ങൾക്കുള്ള സംസ്ഥാനതല കമ്മറ്റി എൻ.ഒ.സി. നൽകിയിരുന്നു. അപ്രകാരം നൽകിയ എൻ.ഒ.സി. കൾ ടി ചട്ട പ്രകാരമുള്ള ലൈസൻസായി പരിഗണിച്ചു വരുന്നു. സ്റ്റേറ്റ് ലെവൽ കമ്മിറ്റി നൽകിയ എൻ.ഒ.സി കളുടെ പട്ടിക അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ